# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 50 വാല്യം : 21 ഏപ്രിൽ 2019




## സ്ത്രീ സമത്വം

SVD-SspS കോൺഗ്രിഗേഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന
വിദ്യാഭ്യാസ സഹായപദ്ധതി ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം
ഉദ്ഘാടനം ചെയ്യുന്നു. (2018 ഡിസംബർ -19)




കാരിത്താസ് ഇൻഡ്യ-അതിജീവൻ പദ്ധതിയുടെ ഭാഗമായി ഭവന-
ശൗചാലയ നിർമ്മണ ധനസഹയവിതരണത്തിന്റെ ആദ്യ ഗഡു വിതരണം
വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ നിർവഹിക്കുന്നു.




ലൈഫ് ആങ്കർ മുംബൈയുടെ സഹകരണത്തോടെ നടപ്പാക്കുന്ന
അതിജീവനം പദ്ധതിയിൽ ജീവനോപാധികളുടെ വിതരണോദ്ഘാടനം
(നവംബർ 30)



Chass - Life Anchor Livilihood Project Kuttanadu
Mr Jose Peter and Mr L D'souza distributing Goats

# വനിതാദിനാചരണം

## എടത്വാ, ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന് മേഖലകൾ



*പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പാരീഷ് ഹാളിൽ മാർച്ച് 7 ന് വനിതാ ദിനാചരണം ഡോ. സൈറു ഫിലിപ്പ് (വൈസ് പ്രിൻസിപ്പാൾ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ) ഉദ്ഘാടനം ചെയ്യുന്നു.*

## കോട്ടയം, അതിരമ്പുഴ, കുടമാളൂർ മേഖലകൾ



*നാഗമ്പടം സ്പോർട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയത്തിൽ വനിതാദിനാചരണം മാർച്ച് 6 ന് കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. പി.ആർ സോന ഉദ്ഘാടനം ചെയ്യുന്നു.*









# കുട്ടനാട് പുനർനിർമ്മാണ പദ്ധതി സഹായവിതരണം

CARITAS INDIA









## കുട്ടനാട് പുനർനിർമ്മാണ പദ്ധതി സഹായവിതരണം

CEI






CEI ഗുണഭോക്തൃ പരിശീലനം



# ചാസ്–ഖാദി എക്സ്പോ

ഫെബ്രുവരി 18- മാർച്ച് 14 കോട്ടയം നാഗമ്പടം സ്പോർട്ട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയം



ഏറ്റുമാനൂർ 'മാവേലി' പുരുഷ സ്വാശ്രയസംഘം നടത്തിവരുന്ന മത്സ്യ കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിക്കുന്നു (നവംബർ 29)



KSSF ന്റെ സഹകരണത്തോടെ ചാസ് സംഘടിപ്പിച്ച 'വിധവാസംഗമം' വികാരി ജനറാൾ വെരി. റവ. ഫാ. തോമസ് പാടിയത്ത് ഉദ്ഘാടനം ചെയ്യുന്നു. (ഡിസംബർ 10)






ലോക ഊർജ്ജ സംരക്ഷണദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഊർജ്ജകിരൺ' റാലി ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു (ഡിസംബർ 18)

## ചങ്ങനാശ്ശേരി അതിരൂപത

കുട്ടനാട് പുനരധിവാസ പദ്ധതി ഉദ്ഘാടനം - 2019 ജനുവരി 13



## CHASS-HTPF/HDFC

ഭവന നിർമ്മാണ പദ്ധതി ഉദ്ഘാടനം - 2019 ജനുവരി 30 ന്

കണ്ണാടി സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിക്കുന്നു.




## ചാസ് – കല്യാൺ രൂപത കാരുണ്യ ട്രസ്റ്റ്

ഹൗസിങ് പ്രോജക്ട് ഉദ്ഘാടനം 2019 മാർച്ച് 16 ന്

ചാസ് കോൺഫറൻസ് ഹാളിൽ ആർച്ചുബിഷപ്പ്
മാർ ജോസഫ് പെരുന്തോട്ടം നിർവഹിക്കുന്നു



ലക്കം 50
വാല്യം 21
ഏപ്രിൽ 2019
പേജ് : 52

# ഒരുമ
## ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി
സോഷ്യൽ സർവ്വീസ്
സൊസൈറ്റിയുടെ
മുഖപത്രം

രക്ഷാധികാരി
**മാർ ജോസഫ് പെരുന്തോട്ടം**

മാനേജിംഗ് എഡിറ്റേഴ്സ്
**ഫാ. ജോസഫ് കളരിക്കൽ**
**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**

ചീഫ് എഡിറ്റർ
**ശ്രീ. ജോസ് പുതുപ്പള്ളി**

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്
**ശ്രീ. ജോസ് സെബാസ്റ്റ്യൻ**
**ശ്രീ. ബിനു ജോസഫ്**
**ശ്രീമതി ബിന്ദു തോമസ്**
**ശ്രീമതി ബിന്ദു സിബി**

## ഉള്ളടക്കം

- മുഖമൊഴി
- സ്ത്രീ സമത്വം
- അതിരൂപതയിൽ കുട്ടനാട് പുനർനിർമ്മാണപദ്ധതി
- പ്രോജക്ട് വാർത്തകൾ
- തണൽ
- മൈക്രോഫിനാൻസ്
- കേന്ദ്രവാർത്തകൾ
- മേഖലാവാർത്തകൾ
- ഹരിതാ ഫാർമേഴ്സ് ക്ലബ്
- ആരോഗ്യം
- പരിശീലന പരിപാടികൾ
- RRTC
- അറിയിപ്പുകൾ

*Design, Layout & Printing @*
**St. Joseph's Orphanage Press, Chry. 0481 2411821**

# മുഖമൊഴി

*പ്രിയ സുഹൃത്തുക്കളേ,*

പുതിയ പ്രവർത്തന വർഷത്തിന്റെ ആദ്യ ദിനങ്ങളിൽ ഈ ലക്കം 'ഒരുമ' നിങ്ങളുടെ പക്കൽ എത്തും. ഇപ്പോൾ നിലവിലുള്ള ഭരണസമിതികളുടെ മൂന്നാമത്തെ പ്രവർത്തനവർഷമാണിത്. ആയതിനാൽ ഈ ഒരു വർഷക്കാലയളവ് ഭാരിച്ച ഉത്തരവാദിത്വങ്ങളുടേതാണ്. ചാസിന്റെ നിലവിലുള്ള എല്ലാ പ്രവർത്തന മണ്ഡലങ്ങളെയും പദ്ധതികളെയും ശക്തിപ്പെടുത്താനും സജീവമാക്കാനുമുള്ള കടമ അവരിൽ നിക്ഷിപ്തമായിരിക്കുന്നു. പ്രസരിപ്പുള്ള ഒരു യൂണിറ്റിനെ/ മേഖലയെ അടുത്ത ഭരണസമിതിക്ക് കൈമാറാൻ കഴിയണം. സുതാര്യതയും പ്രവർത്തന ചാതുര്യവും, ക്രിയാത്മകമായ സാമൂഹ്യ ഇടപെടലുകളും കൊണ്ട് കാലികപ്രസക്തിയുള്ള സംവിധാനമായി ചാസിന്റെ വിവിധ മേഖലകളെ സൃഷ്ടിച്ചെടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഈ വർഷം 'സംഘതരംഗം' 'ഊർജ്ജിതം' 'വളർത്തുകൂട്ടം' 'ഹരിതഭൂമി' 'ആശാകിരണം' 'പ്രതീക്ഷ' എന്നിങ്ങനെ വിവിധ മിഷനുകൾ ഈ വർഷം വിഭാവനം ചെയ്തുനടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നല്കുക സംഘങ്ങളുടെ അനന്യത വീണ്ടെടുത്ത് വലിയ മനുഷ്യ വിഭവ വേദിയായി മാറ്റുക. വരുമാനദായകമായ പുതിയ പദ്ധതികളിലൂടെ കാർഷിക സംസ്ക്കാരം പനരുജ്ജീവിപ്പിക്കുക, സാമൂഹ്യ ഇടപെടലുകളിലൂടെ പ്രകൃതി വിഭവസംരക്ഷണം ഉറപ്പുവരുത്തുക, അതിജീവനത്തിന്റെ പുത്തൻ വഴികൾ തുറക്കാൻ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരെ സഹായിക്കുക, തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതികളിലൂടെ നേടിയെടുക്കാൻ നമ്മൾ ആഗ്രഹിക്കുന്നത്. ഓരോ മിഷനെ സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശവും പ്രവർത്തന മാർഗ്ഗരേഖയും പിന്നാലെ നല്കുന്നതും സംഘ-യൂണിറ്റ്-മേഖല തലങ്ങളിൽ ചർച്ചയ്ക്ക് വിഷയമാക്കി കൃത്യമായ ഫലം നേടിയെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1. സംഘതരംഗം**

സംഘങ്ങൾ നമ്മുടെ ശക്തിയാണ്. മനുഷ്യ വിഭവശേഷിയുടെ അനന്തമായ സാധ്യതയാണ്. ഈ തിരിച്ചറിവിൽ സംഘങ്ങളെ

വളർത്തുക എന്നതാണ് സംഘതരംഗത്തിന്റെ ലക്ഷ്യം. അച്ചടക്ക മുള്ള, ഉത്പ്പാദന മേഖലയിൽ ഇടപെടുന്ന സാമ്പത്തിക വളർച്ചയുള്ള സംഘങ്ങളെ രൂപപ്പെടുത്തിയെടുക്കണം. ലീഡേഴ്സ് മീറ്റിംഗ്, സംഗമം, പരിശീലന ബോധവത്ക്കരണ പരിപാടികൾ എന്നിവയോടൊപ്പം സാമ്പത്തിക പിന്തുണ സംഘങ്ങൾക്ക് ലഭ്യമാക്കുകയും വരുമാന ദായകമായ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുകയും വേണം. അതേസമയം അംഗങ്ങൾക്ക് വ്യക്തമായ ബോധ്യം സംഘപ്രവർത്ത നത്തെക്കുറിച്ച് ഉണ്ടാവേണ്ടതുണ്ട്. സംഘങ്ങൾ ചാസ് യൂണിറ്റിന്റെ ഭാഗമാണ്. ഈ ധാരണ യൂണിറ്റ് സമിതിക്കും സംഘങ്ങൾക്കും ഉണ്ടാകണം. പുതിയ സംഘങ്ങളുടെ രൂപീകരണവും പരിശീലനവും ഏറ്റെടുക്കുന്ന പദ്ധതികളുടെയും സാമ്പത്തിക സുതാര്യതയുടെയും പൊതുവിലുള്ള പങ്കാളിത്തത്തിന്റെയും അടിസ്ഥാനത്തിൽ സംഘ ങ്ങളെ ഗ്രേഡ് തിരിക്കുന്നതായിരിക്കും.

### 2. ഊർജ്ജിതം

ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയാണ് ഊർജ്ജിതം പദ്ധതിയുടെ ലക്ഷ്യം. ഉത്പ്പാദനപരമായ പദ്ധതികൾക്ക് കൂടുതൽ തുക വിനിയോഗിക്കാനാകണം. നിക്ഷേപം സ്വീകരിച്ച് കൂട്ടിവെയ്ക്കുകയല്ല ക്രെഡിറ്റ് യൂണിയന്റെ ലക്ഷ്യം. ഉത്തരവാദി ത്വത്തോടെ പണം ഉപയോഗിക്കാൻ ആളുകളെ സജ്ജരാക്കണം. അങ്ങനെ സമൂഹത്തിൽ സ്വാശ്രയസംസ്ക്കാരം വളർത്തി ക്രെഡിറ്റ് യൂണിയനെ കൂടതൽ ജനകീയമാക്കാൻ കഴിയണം. 15000 പുതിയ അംഗങ്ങളെ ഈ വർഷം ക്രെഡിറ്റ് യൂണിയനിൽ ചേർക്കാം. ഏപ്രിൽ-ജൂൺ മാസങ്ങൾ അംഗത്വ പ്രോത്സാഹനത്തിന് ഊന്നൽ നല്കണം ഒപ്പം 6 മാസത്തിനുള്ളിൽ കുടിശിക നിവാരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കാൻ യൂണിറ്റുകൾക്ക് കഴിയണം.

### 3. ഹരിതഭൂമി

കൊടിയ വേനലിൽ നാടുരുകുമ്പോഴും കുടിവെള്ളം കിട്ടാക്ക നിയായിമാറിയിട്ടും, ഒരു കൂസലുമില്ലാതെ നാം ജീവിക്കുകയാണ്. ഈ രീതിയിൽ എത്രനാൾ നമ്മുക്ക് തുടരാനാവും. ജല സ്ത്രോത സുകൾ സംരക്ഷിച്ചേ മതിയാവൂ. മഴവെള്ളം പൂർണ്ണമായും ഉപ യോഗിക്കണം. പ്രായോഗിക പദ്ധതികൾ ഇതിലുൾപ്പെടുത്തണം. മഴവെള്ളസംഭരണി, പടുതാക്കുളങ്ങൾ, കിണർ റീ ചാർജിംഗ്, മഴ ക്കുഴി, പെർക്കുലേഷൻ പിറ്റ് തുടങ്ങിയ നിരവധിയായ മാതൃകകൾ യൂണിറ്റുതലത്തിൽ മുൻകൂട്ടി നടപ്പാക്കുകയാണ് ജലസംരക്ഷണ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ലക്ഷ്യം നിശ്ചയിച്ച് തന്നെ വേണം പദ്ധതികൾ ആവിഷ്ക്കരിക്കണം. സാമ്പത്തികത്തോടൊപ്പം കുറ്റമറ്റ

സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുകയും വേണം.

### 3.1. തൊടിയിലൊരു ഫലവൃക്ഷം

ഫലവൃക്ഷതൈകൾ, പച്ചക്കറിതൈകൾ, മറ്റുനടീൽ വസ്തുക്കൾ എന്നിവ കുറഞ്ഞ വിലയ്ക്ക് സംലഭ്യമാക്കിക്കൊണ്ട് എല്ലാ വീടുകളുടെ തൊടിയിലും കുറഞ്ഞത് ഒരു ഫലവൃക്ഷമെങ്കിലും നട്ട് വളർത്തണം അനുബന്ധമായി ജൈവരീതിയിൽ പച്ചക്കറി ഉത്പ്പാദനം പ്രോത്സാഹിപ്പിക്കുന്ന പാക്കേജുകളാണ് ഈ പദ്ധതി.

### 3.2. ശുചിത്വഗ്രാമം

മാലിന്യ സംസ്ക്കരണ പദ്ധതികൾ വ്യകതി-സംഘ-യൂണിറ്റ് തലങ്ങളിൽ ശുചിത്വഗ്രാമം പദ്ധതിയിലൂടെ നടപ്പാക്കണം. മുച്ചട്ടി, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവയക്ക് യൂണിറ്റ്-സംഘ സഹകരണത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. മാലിന്യസംസ്ക്കരണത്തിന്റെ ഒരു മാതൃകയില്ലാത്ത ഒരു വീടുപോലും ഉണ്ടാവരുത് നമ്മുടെ യൂണിറ്റിൽ ജൈവകൃഷിക്ക് ഇത് അത്യന്താപേക്ഷിതവുമാണ്.

### 3.3. വളർത്തുകൂട്ടം

മത്സ്യം മാംസം മുട്ട പച്ചക്കറി എന്നിങ്ങനെ ഭക്ഷ്യ മേഖലയിൽ ആരോഗ്യപരമായ ഭക്ഷണപദാർത്ഥങ്ങൾ, കൃത്രിമത്വമില്ലാതെ വീടുകളിൽ ഉത്പ്പാദിപ്പിക്കാനുള്ള പദ്ധതിയാണിത്. ആട്, കോഴി, താറാവ്, മത്സ്യം തുടങ്ങിയവ ശാസ്ത്രീയമായി വളർത്താനുള്ള പരിശീലനത്തോടൊപ്പം അതിനാവശ്യമായ സാങ്കേതിക സഹായവും ക്രെഡിറ്റ് യൂണിയൻ, SHG, JLG സംവിധാനങ്ങളുടെ സഹകരണത്തിൽ സാമ്പത്തിക പിന്തുണയും നല്കുക എന്ന ലക്ഷ്യമാണ് 'വളർത്തുകൂട്ടം' പദ്ധതി വിഭാവനം ചെയ്യുന്നത്. അക്വാപോണിക് കൃഷിരീതിക്ക് പ്രചാരണം നല്കാനുള്ള പരിശ്രമം നടത്തുന്നതായിരിക്കും.

### 4. ആശാകിരണം

ജീവിതശൈലി രോഗങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിച്ച് ആരോഗ്യമുള്ള ഒരു സമൂഹ സൃഷ്ടിയാണ് ആശാകിരണം ലക്ഷ്യം വയ്ക്കുക. കേവലം കാൻസർ-കിഡ്നി രോഗികൾക്കുള്ള സഹായമായി ഇത് തെറ്റിധരിക്കപ്പെടരുത്. കാൻസറിനും മറ്റ് ജീവിതശൈലി രോഗങ്ങൾക്കും കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുകയും പ്രവർത്തനങ്ങളെ പ്രതിരോധിച്ച് ബദൽ ജീവിതശൈലി സ്വീകരിക്കുകയും ആവിഷ്ക്കരിക്കുകയും ചെയ്യാനാവണം. മാലിന്യ സംസ്ക്കരണവും, ജൈവകൃഷിയും സംഘങ്ങളിലും യൂണിറ്റുകളിലും പ്രത്യേക

പദ്ധതികളായി കൃത്യമായ ലക്ഷ്യം വച്ച് നടപ്പാക്കണം. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച് ഓരോ സംഘവും പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിക്കണം. തുണിസഞ്ചി, പേപ്പർക്യാരിബാഗ്, സാനിട്ടറി നാപ്കിനുകൾ എന്നിവ പ്രചരിപ്പിക്കണം.

**5. പ്രതീക്ഷ**

സമഗ്രമായ സാമൂഹിക സുരക്ഷാ പദ്ധതികളിലൂടെ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുകയെന്നതാണ് പ്രതീക്ഷ. സേവ് എ ഫാമിലി പ്ലാൻ പോലെതന്നെ കെയർ എ ഫാമിലി പ്രോഗ്രാമിനെയും വലിയ പദ്ധതിയായി ഈ വർഷം വളർത്തിയെടുക്കണം. CBR പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാരുടെ സ്വാശ്രയസംഘങ്ങൾ യൂണിറ്റുകളിൽ രൂപീകരിക്കണം. കാൻസർ രോഗികളുടെ കുടുംബങ്ങൾക്ക് ജീവനോപാധിക്കുള്ള പദ്ധതികൾ യൂണിറ്റിന്റെ സഹകരണത്തോടെ നടപ്പാക്കണം. LIC, ഗ്രൂപ്പ് ഇൻഷുറൻസ്, മെഡിക്ലെയിം പദ്ധതികൾക്ക് ഊന്നൽ നല്കണം. ഹോം നേഴ്സിംഗ് പ്രോഗ്രാം വിപുലപ്പെടുത്തി കൂടുതൽ ആളുകൾക്ക് പരിശീലനം നൽകി മാന്യമായ ശമ്പളത്തോടെ ജോലി നല്കാൻ ശ്രദ്ധിക്കണം. കേന്ദ്ര സർക്കാരിന്റെ RRTC എന്ന നിലയിൽ CHASS സംഘതലത്തിൽ മദ്യം -മയക്കുമരുന്നിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികളും, സംഘാംഗങ്ങളുടെ സഹകരണത്തോടെ ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി ഡി-അഡിക്ഷൻ സെന്ററുകളിൽ എത്തിക്കണം. വിധവകളുടെ കൂട്ടായ്മകൾ രൂപീകരിച്ച് സ്വയംതൊഴിൽ പരിശീലനങ്ങൾ നല്കുകയും ജീവനോപാധികൾ നൽകി സ്ഥിരവരുമാനദായകരായി മാറ്റുകയും ചെയ്യണം.

മുകളിൽ സൂചിപ്പിച്ച പദ്ധതികൾ ഓരോ യൂണിറ്റിലും ഫലപ്രദമായി നടപ്പാക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു. യൂണിറ്റ് ഭാരവാഹികളുടെയും, സംഘാംഗങ്ങളുടെയും സഹകരണമുണ്ടെങ്കിൽ മാത്രമേ ലക്ഷ്യപ്രാപ്തി സാധിമാകൂ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*



# സ്ത്രീ സമത്വം



**ഡാലിയ ജേക്കബ്**
*മാധ്യമപ്രവർത്തക*

സ്ത്രീ സമത്വത്തിനുവേണ്ടിയുള്ള മുറവിളിയാണ് ഈ തലമുറനിരന്തരം കേട്ടുകൊണ്ടിരിക്കുന്നത്. സമത്വമെന്നത് സ്ത്രീപുരുഷബന്ധത്തിന്റെ കാര്യത്തിൽ അശാസ്ത്രീയമാണ്. സ്ത്രീക്ക് സാമൂഹ്യനീതിയും സമത്വവും ആവശ്യമാണ് എന്നതിൽ തർക്കമില്ല. ആദ്യം അവൾക്ക് നീതിയും സമത്വവും ലഭിക്കേണ്ടത് അവളുടെ ഭവനത്തിൽനിന്നാണ്. നമുക്കുചുറ്റുമുള്ള എത്ര ഭവനങ്ങളിൽ സ്ത്രീകൾക്ക് സമത്വം ഉണ്ട്. കൗമാരകാലത്ത് സ്വഭവനത്തിൽ സ്വാതന്ത്ര്യം ഏറെക്കുറെ അനുഭവിച്ചുകാണും. വിവാഹശേഷം എത്ര വനിതകൾക്ക് ഭർതൃവീട്ടിൽ സമത്വം. ഇപ്പോഴും അതിൽ മാറ്റമുണ്ടോ? എല്ലാവർക്കും വെച്ചുവിളമ്പി ഊട്ടുവാനും പരിചരിക്കാനും വീട് സംരക്ഷിക്കുവാനും ദുഖങ്ങൾ കടിച്ചമർത്താനും വിധിക്കപ്പെട്ട അവളെ ആത്മാർത്ഥതയോടെ സ്നേഹിക്കാനും പരിഗണിക്കാനും ഭർത്താവുപോലും ശ്രമിക്കാറില്ല.

രാഷ്ട്രീയ സാമൂഹ്യരംഗത്തേയ്ക്കുള്ള സ്ത്രീകളുടെ പ്രവേശനം ആശാവഹമാണ്. എന്നാൽ അടുക്കളയിൽ നിന്ന് അരംഗത്തേയ്ക്ക് എത്രപേർ ഭാര്യമാരെ അല്ലെങ്കിൽ അമ്മമാരെ സന്തോഷത്തോടെ പറഞ്ഞുവിടും. സ്ത്രീക്ക് പലതും ചെയ്യാൻ കഴിയുമെന്നത് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. രാഷ്ട്രീയ സാംസ്കാരികരംഗങ്ങളിൽ

വ്യക്തിമുദ്രപതിപ്പിച്ച സ്ത്രീകൾ നമ്മുടെ മുന്നിലുണ്ട്. നിരവധി പ്രതിസന്ധികൾക്കിടയിൽനിന്നാണ് സ്ത്രീ പ്രവർത്തിക്കുന്നത്. പുരോഗമനപരമായ ഒരു ഭാവിയിലേയ്ക്ക് പുരുഷനൊപ്പം സ്ത്രീക്കും കടന്നുകയറേണ്ടതുണ്ട്. അതിന് ഇനിയും ഏറെദൂരം മുമ്പോട്ട് പോകണം. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ ഒന്നിച്ചു നിന്ന് സ്ത്രീകളുടെ പൊതുപ്രശ്നങ്ങൾ ഏറ്റെടുത്താലേ പുരോഗതി കൈവരിക്കാനാവൂ. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ 33% സംവരണം ഏർപ്പെടുത്തിയതിനുശേഷമാണ് വീടിനകത്തിരുന്ന പലവനിതകളും പുറംലോകം കണ്ടുതുടങ്ങിയത്. സ്ത്രീനീതി, സ്ത്രീസമത്വം സംബന്ധിച്ച് കാലങ്ങളായി ചർച്ചകൾ നടക്കുന്നു. എന്നിട്ടും എത്ര അകലെയാണിപ്പോഴും അവയെല്ലാം.

ത്രിതലപഞ്ചായത്തുകളിലേയ്ക്ക് മറ്റുവഴികളില്ലാത്തതുകൊണ്ടുമാത്രമാണ് സ്ത്രീകളെ കൊണ്ടുവന്നത്. വനിതാസംവരണം അൻപത് ശതമാനമാക്കി ഉയർത്തിയിട്ടും സ്ത്രീകൾക്ക് ഭരണം നടത്താൻ കഴിയാത്ത ഒരു സാഹചര്യം ഇവിടെയുണ്ട്. സ്ത്രീസമത്വം നടപ്പാക്കണമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. തലയുള്ളപ്പോൾ വാലാട്ടേണ്ടന്നാണ് ഇപ്പോഴും പലരും പറയുന്നത്. ഇത് പുരുഷാധിപത്യത്തെയാണ് സൂചിപ്പിക്കുന്നത്. പൊതുരംഗത്തുള്ള സ്ത്രീകളുടെ പരിചയകുറവ് കുടുംബശ്രീ, സ്വാശ്രയസംഘങ്ങൾ ആരാധനാലയങ്ങളിലെ വനിതായൂണിറ്റുകൾ അടക്കമുള്ള സംവിധാനങ്ങളിലൂടെ മാറ്റിയെടുക്കാൻ ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ എത്രയോ പ്രഗത്ഭരായ വനിതാരത്നങ്ങളുണ്ട്. കുടുംബത്തിലെ പ്രഥമസ്ഥാനം പുരുഷനിൽ അർപ്പിതമാണെങ്കിലും സ്ത്രീയുടെ വ്യക്തിത്വം കാത്തുസൂക്ഷിക്കപ്പെടേണ്ട കടമ പുരുഷനിൽ നിഷിപ്തമാണ്.

മകളിൽനിന്നും സഹോദരിയിൽനിന്നും സ്ത്രീ ഭാര്യയായും അമ്മയായും മാറുമ്പോഴും സ്വന്തം വീട്ടിൽനിന്ന് അവൾ ഒഴിഞ്ഞുമാറുന്നില്ല. ഭാര്യയായും മരുമകളായും അമ്മയായും മുത്തശ്ശിയായും പരിണാമം സംഭവിക്കുമ്പോൾ കർമ്മമണ്ഡലം ത്യാഗരൂപിതമായതിനാൽ വളരെയധികം പരീക്ഷണങ്ങൾ സ്ത്രീക്ക് നേരിടേണ്ടതായി വരുന്നു. കുടുംബത്തിനും സമൂഹത്തിനുംവേണ്ടി അർപ്പിക്കുന്ന അവളുടെ ജീവിതം ആത്മസമർപ്പണമാണ്.

കൗമാരംവരെ തീർച്ചയായും അമ്മയും അച്ഛനുംതന്നെയാകും കൂടുതൽ സ്വാധീനിച്ച ശക്തികൾ. ജീവിതത്തിലെ അടിസ്ഥാനമൂല്യങ്ങൾ അറിഞ്ഞോ അറിയാതെയോ ഒരുവ്യക്തിയെ നന്മനിറഞ്ഞ ജീവിതവിജയത്തിലെത്തിക്കാൻ സ്ത്രീ സഹായിക്കും. കാരണം വളർന്നസാഹചര്യം ഒരുപരിധിവരെ ഏത് വ്യക്തിയേയും സ്വാധീനിക്കുന്നു. കുടുംബത്തിലെ ഓരോ വ്യക്തിക്കും ബലവും താങ്ങും സ്വാന്ത

നവും നൽകാൻ ഓരോ സ്ത്രീക്കും കഴിയണം. അതിൽ വിജയിച്ചാൽ അവൾക്ക് സമൂഹത്തിലും നല്ലരീതിയിൽ ഇടപെടാൻ കഴിയും. ഒരു പാടു വെന്താൽ മാത്രമേ തീക്കട്ടപോലും തിളക്കമാർന്നതാകൂ. ഒരു സമൂഹജീവിയാണെന്ന ബോധമുണ്ടെങ്കിൽ അവൾക്ക് നല്ലനിലയിൽ ഇറങ്ങി പ്രവർത്തിക്കാൻ സാധിക്കുമെന്നതിൽ തർക്കമില്ല. സ്ത്രീയും പുരുഷനും ഇഷ്ടങ്ങളും കഴിവുകളും അംഗീകരിക്കാൻ മടിക്കരുത്. സ്നേഹവും ആത്മബന്ധവും പരസ്പരധാരണയും ആശയവിനിമയത്തിന്റെ പിശുക്കുംകൊണ്ട് കൈമോശം വരാതെ നോക്കണം. ഇടുങ്ങിയ ചിന്താഗതിയും മോശം സൗഹൃദങ്ങളും ആർക്കും നല്ലതല്ല. അത് എത്രനല്ല വ്യക്തിത്വത്തെയും അവഗണിക്കാൻ കാരണമാകും. സ്ത്രീയായാലും പുരഷനായാലും ആ വ്യക്തിത്വത്തെ അംഗീകരിക്കുകയും ആദരിക്കുകയും വേണം. ഒരു സ്ത്രീയുടെ ത്യാഗമനോഭാവം ക്ഷമ എന്നിവയിലൂടെ സാധ്യമാകുന്നത് ഒരു കുടുംബത്തിന്റെ ശാന്തിയും സമാധാനവുമാണ്. മറ്റുള്ളവർ നല്ല ചിന്താഗതിക്കാരല്ലെങ്കിലും കഷ്ടപ്പെട്ടാണെങ്കിലും കാലംകൊണ്ട് അവളിലെ നന്മ തെളിയിക്കാനാകും. സ്വാതന്ത്ര്യത്തിന് മുറവിളികൂട്ടുന്ന സ്ത്രീകൾ മനസ്സിലാക്കേണ്ടതുണ്ട്. ഉദാത്തമായ സ്വാതന്ത്ര്യം, ആത്യന്തികമായി അച്ചടക്കവും വിനയവും ഉൾച്ചേർന്നതാണ് സ്ത്രീ എന്ന സത്യം. വ്യക്തിത്വത്തെ പൂർണ്ണമായി പ്രകാശിപ്പിക്കുവാൻവേണ്ട സ്വാതന്ത്ര്യം സ്ത്രീക്ക് ലഭിക്കുന്നെങ്കിൽ തീർച്ചയായും ഒരുവ്യക്തിയിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിനൊക്കെ ആ തേജസ് ദർശിക്കാനാകും. അങ്ങനെ സ്ത്രീയുടെ അവതാരങ്ങൾ എവിടെയും എപ്പോഴും പ്രകാശം ചൊരിഞ്ഞുകൊണ്ടേയിരിക്കും.

ഏതൊരു സ്ത്രീയും മകൾ, സഹോദരി, ഭാര്യ, മരുമകൾ, അമ്മ, അമ്മൂമ്മ, എന്നീ സ്ഥാനങ്ങൾ വഹിക്കുന്നതോടൊപ്പം നല്ലൊരയൽക്കാരിയും നാട്ടുകാരിയുമാകണം. മേഖല ഏതുമാകട്ടെ പ്രവർത്തിച്ചു തിളങ്ങുവാൻ സ്ത്രീകൾക്കുകഴിയും. സ്വാർത്ഥത വെടിഞ്ഞുള്ള സ്ത്രീയുടെ പെരുമാറ്റം ഓരോവ്യക്തിയിലും സമൂഹത്തിലും സൗഖ്യമേകും. നിർമ്മലത, വിശ്വസ്തത, ക്ഷമ, സ്ഥിരോത്സാഹം എന്നിവയാണ് വിജയം കൈവരിക്കുന്നതിനത്യാവശ്യം; ഇവയ്ക്കെല്ലാം മീതെ സ്നേഹവും. സ്വാമി വിവേകാനന്ദന്റെ ഈ മഹത്വചനങ്ങൾ എത്ര പ്രസക്തമാണ്. ഓരോ സ്ത്രീയും ഇത് മാതൃകയാക്കിയാൽ പുരോഗതിയിലേയ്ക്ക് കുതിച്ചുകയറും. ഇതിലൂടെ നമ്മുടെ കുടുംബവും സമൂഹവും രാഷ്ട്രവും ഉൽകൃഷ്ടമായ ഒരു ലക്ഷ്യത്തിലെത്തിച്ചേർന്ന് സ്ത്രീയെ നമിക്കുമെന്നതിൽ സംശയംവേണ്ട. സാംസ്കാരികരംഗത്തും വിദ്യാഭ്യാസരംഗത്തും മറ്റേത് രംഗത്തും ബാഹ്യമായും ആന്തരികമായും സ്ത്രീ വളരെയധികം സ്വാധീനം സമൂഹത്തിൽ ചെലുത്തിക്കൊണ്ടേയിരിക്കുന്നു. ഏതൊരു വ്യക്തിയുടെയും വിജയത്തിൽ ഒരു സ്ത്രീ ഉണ്ടാകുമെന്ന് പറയുന്നത് ഒരർത്ഥത്തിൽ ശരിതന്നെയല്ലേ?

# അതിരൂപതയിൽ കുട്ടനാട് പുനർനിർമ്മാണപദ്ധതി

### (1) വീടും സ്ഥലവും നൽകി

അമേരിക്കയിൽ പ്രവാസിയായ കുറവിലങ്ങാട് സ്വദേശി ശ്രീ. ടോമി പാലയ്ക്കത്തടത്തിൽ മുട്ടുചിറയിൽ 10 സെന്റ് സ്ഥലവും വീടും, സ്വന്തമായി സ്ഥലവും വീടുമില്ലാതിരുന്ന രണ്ട് കുടുംബങ്ങൾക്ക് സംഭാവനയായി നൽകി. പുന്നക്കുന്നം ഇടവകാംഗങ്ങളായ ശ്രീ. ഷാജി ജോസഫ് മാമ്മൂട്ടിൽ പത്തിൽചിറ, ശ്രീ. സണ്ണി ജോസഫ് മാമ്മൂട്ടിൽ പത്തിൽചിറ എന്നിവരാണ് ഗുണഭോക്താക്കൾ. ഭവനത്തിന്റെ വെഞ്ചരിപ്പ് ഡിസംബർ 8 ന് മുട്ടുചിറ പള്ളി വികാരി റവ. ഫാ. ജോസ് ഇടത്തിപ്പറമ്പിലും, താക്കോൽദാനം ശ്രീ. മോൺസ് ജോസഫ് MLA യും നിർവഹിച്ചു. പുല്ലങ്ങടി പള്ളി വികാരി ബഹുമാനപ്പെട്ട അലക്സ് പാറപ്പുറം അച്ചന്റെ ഇടപെടലും പുന്നക്കുന്നം പള്ളി വികാരി ഫാ. ടോണി മണിയഞ്ചിറയുടെയും ഇടവകാംഗങ്ങളുടെയും നിർലോഭമായ സഹകരണവും മൂലമാണ് ഇത് സാധ്യമായത്.

### (2) ഭവന നിർമ്മാണ സഹായവിതരണം

ഷംഷാബാദ് രൂപതയുടെ സഹകരണത്തോടെ ചേന്നങ്കരി, പച്ച-ചെക്കിടിക്കാട്, പാണ്ടി, തായങ്കരി എന്നീ ഇടവകകളിൽ നിർമ്മിക്കുന്ന 15 വീടുകൾക്കുള്ള ധനസഹായത്തിന്റെ ആദ്യഗഡു വിതരണം ചെയ്തു.

### (3) ഉപരിപഠനത്തിന് വിദ്യാഭ്യാസ സഹായവിതരണം

അതിരൂപതയുടെ കുട്ടനാട് പുനർനിർമ്മാണപദ്ധതിയുടെ ഭാഗമായി 201 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള വിദ്യാഭ്യാസ സഹായവിതരണം നടത്തി. SVD & SspS Congregations നടപ്പിലാക്കുന്ന പദ്ധതിയിലാണ് ധനസഹായം നൽകുന്നത്. ഡിസംബർ 19 ന് ചാസ് കോൺഫ്രൻസ് ഹാളിൽ കൂടിയ സമ്മേളനത്തിൽ ആർച്ചുബിഷപ്പ്



മാർ ജോസഫ് പെരുംന്തോട്ടം വിതരണോദ്ഘാടനം നടത്തി. കോൺഗ്രിഗേഷന്റെ സോഷ്യൽ വർക്ക് ഇൻചാർജ് റവ. ഫാ. ബാബു കക്കാനിയിൽ SVD പ്രോജക്ട് വിശദീകരണം നടത്തി. റവ. ഫാ. മാത്യു നിരപ്പേൽ SVD, റവ. സിസ്റ്റർ ഷീജ സ്കറിയ SspS, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. പദ്ധതിയിൽ 201 വിദ്യാർത്ഥികളുടെ ഉപരി പഠനത്തിന് 60,35,000 ധനസഹായം നൽകി.

## (4) കുട്ടനാട് പുനരധിവാസപദ്ധതി ഉദ്ഘാടനം

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ, കുട്ടനാടിന്റെ പുനർനിർമ്മാണം ലക്ഷ്യംവച്ചുകൊണ്ടുള്ള പുനരധിവാസപദ്ധതികളുടെ ഔദ്യോഗിക ഉത്ഘാടനം ജനുവരി 13 ഞായർ രാവിലെ 9.30 ന് പുളിംകുന്നിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. സുമനസ്സുകളായ ദേശത്തും വിദേശത്തുമുള്ള വളരെയധികം ആളുകളുടെ വിയർപ്പിന്റെ ഫലം കുട്ടനാട്ടിലെ



സഹോദരങ്ങൾക്കായി പങ്കുവയ്ക്കുന്നതുകൊണ്ടാണ്, പുനരധിവാസ പദ്ധതി നടപ്പാക്കാൻ കഴിയുന്നതെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. അതിനാൽ ഓരോ രൂപയും സത്യസന്ധമായി പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഉപയോഗിക്കാൻ ഗുണഭോക്താക്കൾക്ക് കടമയുണ്ടെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. മാത്രമല്ല മറ്റുള്ളവരെ സഹായിക്കാൻ, സഹായങ്ങൾ വാങ്ങുന്നവരും സന്നദ്ധരാകണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. വീട്-ശൗചാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായധന വിതരണോദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം പിതാവും, കർഷകർക്കുള്ള സാമ്പത്തിക സഹായ വിതരണോദ്ഘാടനം മാർ തോമസ് തറയിൽ പിതാവും നിർവ്വഹിച്ചു. തുടർന്ന് പുളിംകുന്ന് ഇടവകയിൽ OCD മലബാർ

പ്രോവിൻസിന്റെ സഹായത്തോടെ നിർമ്മിക്കുന്ന ഒരു ഭവനത്തിന് തറക്കല്ലിടുകയും ചെയ്തു. ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂരവടി, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ എന്നിവർ ആശംസകൾ നേർന്നു.

### (5) പുനരധിവാസ പദ്ധതിയിൽ സഹായവിതരണം ആരംഭിച്ചു

ചങ്ങനാശ്ശേരി അതിരൂപത നേരിട്ട് നടപ്പാക്കുന്ന കുട്ടനാട് പുനരധിവാസ പദ്ധതിയിൽ വീടുകളുടെ അറ്റകുറ്റപ്പണി, ശൗചാലയ നിർമ്മാണം, കൃഷി പ്രോത്സാഹനം എന്നിവയ്ക്കുള്ള സഹായധന വിതരണം ആരംഭിച്ചു. വിവിധ ഇടവകകൾ തെരഞ്ഞെടുത്തു നൽകിയ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ചാണ് സഹായധനം വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പേരിലുള്ള ചെക്കുകൾ പദ്ധതി വിശദാംശങ്ങളടങ്ങിയ കത്തോടുകൂടി ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ ഏല്പിക്കുന്നതായിരിക്കും. തുടർന്ന് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ പണം മാറി യൂണിറ്റിൽ ഗുണഭോക്താവിന്റെ പേരിലുള്ള ക്രെഡിറ്റ് യൂണിയൻ അക്കൗണ്ടിൽ നിക്ഷേപിച്ച്, നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച്, യൂണിറ്റിന്റെ/വികാരിയച്ചന്റെ അറിവോടെ പണം നല്കുന്നതായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചനും ബന്ധപ്പെട്ടവർക്കും പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ സാധിക്കും. കത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കി ഫോട്ടോ സഹിതം റിപ്പോർട്ട് ചാസ് കേന്ദ്ര ഓഫീസിൽ എത്തിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**a) കർഷകർക്കുള്ള സാമ്പത്തികസഹായം**

| നം. | ഇടവക | കർഷകർ | തുക |
|---|---|---|---|
| 1 | Koduppunna | 85 | 134160 |
| 2 | Koilmuk | 51 | 56810 |
| 3 | Muttar Old | 71 | 82800 |
| 4 | Muttar CMI | 40 | 38000 |
| 5 | Pacha- Chekkidikkadu | 116 | 175000 |
| 6 | Puthukkary | 134 | 117740 |
| 7 | Thayamkary | 43 | 58720 |
| 8 | Karumady | 40 | 47750 |
| 9 | Pallikkoottumma | 49 | 60808 |
| 10 | Ramankary | 38 | 41700 |
| 11 | Kannady St. Joseph | 49 | 70600 |
| 12 | Veliyanadu | 97 | 110710 |
| 13 | Kavalam | 54 | 71680 |
| 14 | Karuvatta | 55 | 68165 |
| 15 | Ambalapuzha | 11 | 12620 |
| 16 | Padaharam | 35 | 33640 |
| 17 | Pandamkary | 30 | 33010 |

| | | | |
|---|---|---|---|
| 18 | Mithrakary | 105 | 126320 |
| 19 | Changamkary | 100 | 106610 |
| 20 | Pulinncunnoo | 86 | 87128 |
| 21 | Chennamkary | 98 | 102000 |
| 22 | Nazreth | 79 | 102500 |
| 23 | Kayalpuram | 91 | 158880 |
| 24 | Vettithuruthu | 24 | 32000 |
| 25 | Onnamkara | 60 | 72320 |
| 26 | Paral | 23 | 20900 |
| 27 | Kavalam Lisieux | 65 | 97100 |
| 28 | Kondakkal | 133 | 112400 |
| 29 | Pallathuruthy | 36 | 38100 |
| 30 | Kelamangalm | 55 | 49720 |
| 31 | Puzhavath | 7 | 11600 |
| 32 | Kaithavana | 18 | 19160 |
| 33 | Arunnoottipadam | 88 | 116650 |
| 34 | Kuttamangalam | 51 | 62300 |
| 35 | Kidangara | 124 | 133850 |
| 36 | Kainakary | 135 | 140300 |
| 37 | Vaishyambhagam St. Antony | 78 | 83000 |
| 38 | Narbonapuram | 79 | 121850 |
| 39 | Thottuvathala | 102 | 97800 |
| 40 | Punnakunnam | 86 | 79350 |
| 41 | Mariyapuram | 126 | 126750 |
| 42 | Pullangady | 91 | 123100 |
| 43 | Muttar New | 120 | 127700 |
| 44 | Thakazhy | 89 | 126500 |
| 45 | Koolipurackal | 40 | 34320 |
| 46 | Pulimukham | 28 | 44800 |
| 47 | Kariyil Thottappally | 15 | 13700 |
| 48 | Parekadavu | 5 | 10000 |
| 49 | Thekkekkara | 86 | 74560 |
| 50 | Kavalam St. Joseph | 26 | 35320 |
| 51 | Kannady St. Ritas | 33 | 35610 |
| 52 | Ponga | 86 | 131240 |
| 53 | Kumaramkary | 86 | 94750 |
| 54 | Vezhapra | 93 | 114416 |
| 55 | Vadakke Ammichakkry | 113 | 126150 |
| 56 | Veliyanad. S | 81 | 64800 |
| 57 | Mahendrapuram | 37 | 57830 |
| 58 | Kizhakke Mithrakkry | 111 | 124700 |
| 59 | Mancompu Pious X | 55 | 87700 |
| | **Total** | **4042** | **4739697** |

**b) House Repairing**

| No. | Parish | Beneficiaries | Amount |
|---|---|---|---|
| 1. | Kizhakke Mithrakkry | 4 | 333000 |
| 2. | Koduppunna | 4 | 211000 |
| 3. | Koilmukku | 4 | 330000 |
| 4. | Muttar Old | 4 | 348000 |
| 5. | Muttar CMI | 2 | 180000 |
| 6. | Muttar New | 4 | 296000 |
| 7. | Pacha-Chekkidikkad | 2 | 190000 |
| 8. | Pulincunnoo | 3 | 240000 |
| 9. | Champakulam | 5 | 452000 |
| | Total | 32 | 2580000 |

**c) Toilets**

| No. | Parish | Beneficiaries | Amount |
|---|---|---|---|
| 1. | Padaharam | 2 | 40000 |
| 2. | Chennamkary | 3 | 60000 |
| 3. | Thekkekara | 3 | 45000 |
| 4. | Vadakkeamichakary | 3 | 60000 |
| 5. | Kandankary | 2 | 40000 |
| 6. | Pulincunnoo | 5 | 100000 |
| 7. | Nazreth | 3 | 60000 |
| 8. | Onnamkara | 3 | 55000 |
| 9. | Kondackal | 4 | 79000 |
| 10. | Vaishyambhagam | 3 | 57000 |
| 11. | Narbonapuram | 4 | 78000 |
| 12. | Thottuvathala | 4 | 75000 |
| 13. | Pullangady | 4 | 76000 |
| 14. | Champakulam | 5 | 97000 |
| 15. | Koolippura | 4 | 78000 |
| | **Total** | **52** | **1000000** |

## 6. സോളാർ ലാമ്പ് വിതരണം

Export Credit Guarantee Corporation of India & Science and Technology park, pune യുടെ സഹകരണത്തോടെ കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി സോളാർ ലാമ്പ് വിതരണം നടത്തി. വികാരി ജനറാൾ ഫാ. ജോസഫ് മുണ്ടകത്തിൽ, ആലപ്പുഴ നഗരസഭ ചെയർമാൻ ശ്രീ. തോമസ് ജോസഫ്, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ എന്നിവർ വിവിധയിടങ്ങളിൽ പരിപാടി ഉദ്ഘാടനം ചെയ്തു. 554 കുടുംബങ്ങൾക്ക് പദ്ധതി സഹായം ലഭിച്ചു.



# പ്രോജക്ട് വാർത്തകൾ

### കുട്ടനാട് പുനർനിർമ്മാണം

## 1. CHASS-CARITAS INDIA

### A) ചാസ് - കാരിത്താസ് വെള്ളപ്പൊക്ക ദുരിതാശ്വാസ കിറ്റ് വിതരണം

ചാസ് - കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ കുട്ടനാട്ടിൽ 1000 ദുരിതാശ്വസ കിറ്റുകൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം ഒക്ടോബർ 9-ാം തീയതി മുട്ടാർ സെന്റ് തോമസ് യൂണിറ്റിൽ കാരിത്താസ് ഇൻഡ്യ അഡ്മിനിസ്ട്രേറ്റർ ഫാ. സുശീൽ മോഡി നിർവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. വിവിധ പഞ്ചായത്തുകളിൽ കിറ്റുവിതരണം പുരോഗമിച്ചുവരുന്നു.

### B) കാരിത്താസ് ECHO പ്രോജക്ട്

പ്രളയാനന്തരം കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ചാസ്-കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ കുട്ടനാട്ടിലെ കൈനകരി, നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ECHO പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1560 കുടുംബങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായം നല്കി. കൂടാതെ ബോധവത്ക്കരണ പരിപാടികൾ, സ്വയംതൊഴിൽ പരിശീലനം, കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം തുടങ്ങിയവയും പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു.

| പഞ്ചായത്ത് | വാർഡ് | ഗുണഭോക്താക്കൾ | സ്വയം തൊഴിൽ | ഗൃഹോപകരണം | തുക |
|---|---|---|---|---|---|
| ചമ്പക്കുളം | 13 | 780 | 390*10000 | 390*3500 | 52,65,000 |
| നെടുമുടി | 6 | 360 | 180*10000 | 180*3500 | 24,30,000 |
| കൈനകരി | 7 | 420 | 210*10000 | 210*3500 | 28,65,000 |

### a) പൊതുജനാരോഗ്യ സെമിനാർ

**ചമ്പക്കുളം, കൈനകരി, നെടുമുടി** ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന ECHO-Project ന്റെ ഭാഗമായി മാർച്ച് 29 ന് പൊങ്ങ മാർ സ്ലീവാ പാരീഷ് ഹാളിൽ പൊതുജനാരോഗ്യ സെമിനാർ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കാരിത്താസ് ഇൻഡ്യ പ്രോഗ്രാം ഓഫീസർ റ്റി. ജെ. വർക്കി പ്രോജക്ട് കോ-ഓർഡിനേറ്റർ അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. 26 അംഗങ്ങൾ പങ്കെടുത്തു.

## b) സ്വയംതൊഴിൽ സഹായം

കാരിത്താസ് ഇൻഡ്യ യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് കൈനകരി, ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10000/- രൂപ വീതം 801 ഗുണഭോക്താക്കൾക്ക് സഹായം നല്കി.

| ഇടവക | ഗുണഭോക്താക്കൾ | സഹായധനം |
|---|---|---|
| ചേന്നംകരി | 30 | 3,00,000/- |
| പൊങ്ങ | 30 | 3,00,000/- |
| ചമ്പക്കുളം | 90 | 9,00,000/- |
| വൈശ്യംഭാഗം | 30 | 3,00,000/- |
| ചെമ്പുംപുറം | 30 | 3,00,000/- |
| കൂലിപ്പുര | 30 | 3,00,000/- |
| കൈനകരി | 65 | 6,50,000/- |
| അറുന്നൂറ്റിപ്പാടം | 69 | 6,90,000/- |
| തോട്ടുവാത്തല | 34 | 3,40,000/- |
| പള്ളാത്തുരുത്തി | 33 | 3,30,000/- |
| നസ്രത്ത് | 60 | 6,00,000/- |
| പുന്നക്കുന്നം | 60 | 6,00,000/- |
| ഒന്നാംകര | 30 | 3,00,000/- |
| കണ്ടംങ്കരി | 60 | 6,00,000/- |
| പുല്ലങ്ങടി | 30 | 3,00,000/- |
| ചമ്പക്കുളം CMI | 30 | 3,00,000/- |
| തെക്കേക്കര | 30 | 3,00,000/- |
| വടക്കേഅമിച്ചകരി | 60 | 6,00,000/- |
| **ആകെ** | **801** | **80,10,000/-** |

## c) NFI (Non Food Items) - കിറ്റ് വിതരണം

പ്രളയത്തിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട 806 ഗുണഭോക്താക്കൾക്ക് 3500/- രൂപയുടെ വീട്ടുപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കൾ | കിറ്റിന്റെ മൂല്യം |
|---|---|---|
| ചേന്നംകരി | 30 | 1,05,000/- |
| പൊങ്ങ | 30 | 1,05,000/- |
| ചമ്പക്കുളം | 90 | 3,15,000/- |
| വൈശ്യംഭാഗം | 30 | 1,05,000/- |
| ചെമ്പുംപുറം | 30 | 1,05,000/- |
| കൂലിപ്പുര | 30 | 1,05,000/- |
| കൈനകരി | 64 | 2,24,000/- |
| അറുന്നൂറ്റിപ്പാടം | 66 | 2,31,000/- |
| തോട്ടുവാത്തല | 36 | 1,26,000/- |
| പള്ളാത്തുരുത്തി | 35 | 1,22,500/- |
| നസ്രത്ത് | 60 | 2,10,000/- |
| പുന്നക്കുന്നം | 60 | 2,10,000/- |

| | | |
|---|---|---|
| ഒന്നാംകര | 30 | 1,05,000/- |
| കണ്ടംങ്കരി | 65 | 2,27,500/- |
| പുല്ലങ്ങടി | 30 | 1,05,000/- |
| ചമ്പക്കുളം CMI | 30 | 1,05,000/- |
| തെക്കേക്കര | 30 | 1,05,000/- |
| വടക്കേഅമിച്ചകരി | 60 | 2,10,000/- |
| **ആകെ** | **806** | **28,21,000/-** |

### d) കുടിവെള്ള വിതരണം-ഉദ്ഘാടനം

കാരിത്താസ് ഇൻഡ്യയുടെ ECHO പ്രോജക്ടിന്റെ ഭാഗമായി കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ മാർച്ച് -മെയ് മാസങ്ങളിൽ നടത്തുന്ന കുടിവെള്ള വിതരണത്തിന്റെ ഉദ്ഘാടനം മാർച്ച് 20 ന് ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ്ജ് പഞ്ഞിമറ്റം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. നസ്രത്ത് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കൊച്ചുളേച്ചംകളം, കാരിത്താസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ഒരു മാസം 9 ലക്ഷം ലിറ്റർ ശുദ്ധജലമാണ് മാർച്ച് -മെയ് മാസങ്ങളിൽ വിതരണം ചെയ്യുന്നത്.

### C) 'അതിജീവൻ'- പദ്ധതി

### പദ്ധതി വിശദീകരണം

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇൻഡ്യ- ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നടത്തുന്ന പുനർ നിർമ്മാണ പദ്ധതികൾ (Emergency Appeal -E A) സംബന്ധിച്ച ചർച്ച ജനുവരി 22 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ചമ്പക്കുളം ഫൊറോനാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി. റവ. ഫാ. അബ്രാഹം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ബഹുമാനപ്പെട്ട വൈദികർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദീകരിച്ചു.

### a) ഭവന-ശൗചാലയ നിർമ്മാണത്തിന് സഹായം

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാട്ടിൽ ചാസ് നടപ്പാക്കുന്ന 'അതിജീവൻ' പദ്ധതിയിൽ ഭവന-ശൗചാലയ നിർമ്മാണത്തിനുള്ള ധനസഹായം വിതരണം ചെയ്തു. ഭവന നിർമ്മാണം, ശൗചാലയ നിർമ്മാണം, സ്വയംതൊഴിൽ പദ്ധതികൾ, ജലശുചീകരണമാർഗ്ഗങ്ങൾ തുടങ്ങയവയാണ് അതിജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത 136 ഗുണഭോക്താക്കൾക്കുള്ള ഭവന-ശൗചാലയ നിർമ്മണ സഹായമാണ് ആദ്യഘട്ടത്തിൽ വിതരണം ചെയ്തത്. തെക്കേക്കര സെന്റ് ജോൺസ്

പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഡോ. ജോസഫ് മുണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് മാത്യു പഞ്ഞിമരം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പുത്തൻപുരയ്ക്കൽ, വാർഡ് മെമ്പർ ശ്രീ. പൗലോസ് ജോസഫ് കൈതക്കളം, EA project കോ-ഓർഡിനേറ്റർ ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## b) കോഴിക്കുഞ്ഞുവിതരണം

അതിജീവൻ പദ്ധതിയുടെ ഭാഗമായി മാർച്ച് 30 ന് ചമ്പക്കുളം പഞ്ചായത്തിലെ 100 കുടുംബങ്ങൾക്കായി 1000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ചമ്പക്കുളം സെന്റ് മേരീസ് ബെസലിക്ക അങ്കണത്തിൽ വെരി റവ. ഫാ. അബ്രഹാം കാടത്തുകളം കോഴിക്കുഞ്ഞുങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു.

## c) ആടുവളർത്തൽ പരിശീലനം

കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ ചമ്പക്കുളം ഫൊറോനായിൽ (ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ) നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് മാർച്ച് 22 ന് ചമ്പക്കുളം യൂണിറ്റിൽ വച്ച് ആടുവളർത്തൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. തുരുത്തി വെറ്റിനറി ഡോക്ടർ മാത്യു ജേക്കബ് ക്ലാസ് നയിച്ചു. 80 ഗുണഭോക്താക്കൾ പങ്കെടുത്തു.

## d) 'അതിജീവൻ'- പദ്ധതിയിൽ സഹായവിതരണം ആരംഭിച്ചു.

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാട്ടിൽ EA project വഴി ഭവന നിർമ്മാണം, ശൗചാലയ നിർമ്മാണം, ജലശുചീകരണമാർഗ്ഗങ്ങൾ എന്നിവയ്ക്കുള്ള സഹായം വിതരണം ആരംഭിച്ചു.

### 1. ഭവന നിർമ്മാണം ആദ്യഗഡു വിതരണം (മാർച്ച് 29)

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | EA സംഭാവന | ആകെ പദ്ധതി തുക |
|---|---|---|---|
| വടക്കേഅമിച്ചകരി | 4 | 30000 | 120000 |
| ചമ്പക്കുളം | 4 | 30000 | 120000 |
| നസ്രത്ത് | 4 | 30000 | 120000 |
| ചേന്നങ്കരി | 2 | 30000 | 60000 |
| കണ്ടങ്കരി | 4 | 30000 | 120000 |
| കൂലിപ്പുര | 5 | 30000 | 150000 |
| തെക്കേക്കര | 4 | 30000 | 120000 |
| വൈശ്യംഭാഗം | 4 | 30000 | 120000 |
| പൊങ്ങ | 3 | 30000 | 90000 |
| കൊണ്ടാക്കൽ | 2 | 30000 | 60000 |

| | | | |
|---|---|---|---|
| തോട്ടുവാത്തല | 4 | 30000 | 120000 |
| നർബോനപുരം | 4 | 30000 | 120000 |
| **ആകെ** | **44** | | **1320000** |

**2. ശൗചാലയ നിർമ്മാണം ആദ്യഗഡു വിതരണം (മാർച്ച് 29)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | EA സംഭാവന | ആകെ പദ്ധതി തുക |
|---|---|---|---|
| വടക്കേഅമിച്ചകരി | 7 | 15000 | 105000 |
| ചമ്പക്കുളം | 10 | 15000 | 150000 |
| നസ്രത്ത് | 7 | 15000 | 105000 |
| ചേന്നങ്കരി | 10 | 15000 | 150000 |
| കണ്ടങ്കരി | 7 | 15000 | 105000 |
| കൂലിപ്പുര | 7 | 15000 | 105000 |
| തെക്കേക്കര | 7 | 15000 | 105000 |
| വൈശ്യംഭാഗം | 7 | 15000 | 105000 |
| പൊങ്ങ | 6 | 15000 | 90000 |
| കൊണ്ടാക്കൽ | 7 | 15000 | 105000 |
| തോട്ടുവാത്തല | 7 | 15000 | 105000 |
| നർബോനപുരം | 7 | 15000 | 105000 |
| **ആകെ** | **89** | | **13,35,000/** |

**3. കോഴി വളർത്തൽ (മാർച്ച് 30) ഒരു ഗുണഭോക്താവിന് 10 കോഴിവീതം 100 ഗുണഭോക്താക്കൾക്കായി 1000 കോഴി വിതരണം ചെയ്തു**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ |
|---|---|---|
| വടക്കേഅമിച്ചകരി | 14 | 140 |
| ചമ്പക്കുളം | 22 | 220 |
| കണ്ടങ്കരി | 12 | 120 |
| തെക്കേക്കര | 12 | 120 |
| വൈശ്യംഭാഗം | 16 | 160 |
| കൊണ്ടാക്കൽ | 11 | 110 |
| പുല്ലങ്ങടി | 13 | 130 |
| **ആകെ** | **100** | **10000** |

**4. ആട് വളർത്തൽ (ഒരു ഗുണഭോക്താവിന് 2 ആടുകൾ)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | EA സംഭാവന | ആകെ പദ്ധതി തുക |
|---|---|---|---|
| നസ്രത്ത് | 10 | 10000 | 100000 |
| പൊങ്ങ | 7 | 10000 | 70000 |
| **ആകെ** | **17** | | **170000** |

## 2. CHASS-UNICEF

### വാഷ്കിറ്റ് വിതരണം

ചാസിന്റെ നേതൃത്വത്തിൽ യുണിസെഫിന്റെ സഹകരണത്തോടെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന മാതൃശിശു പരിപാലന പദ്ധതിയുടെ ഭാഗമായി കുട്ടനാട്ടിലെ 5 പഞ്ചായത്തുകളിൽ (കാവാലം-30, മുട്ടാർ-120, വെളിയനാട്-110, കൈനകരി-130, രാമങ്കരി-95) ഒക്ടോബർ 22 ന് വാഷ്കിറ്റ് വിതരണം ചെയ്തു. കാവാലം പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ രമേഷ് ഉദ്ഘാടനം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, മെമ്പർ സന്ധ്യ സുരേഷ്, യൂണിറ്റ് പ്രസി

ഡന്റ് ശ്രീ. ബാബു, സിസ്റ്റർ സെൽമ എന്നിവർ പ്രസംഗിച്ചു.

**പ്രോജക്ട് സമാപനം**

CHASS-UNICEF ന്റെ സഹകരണത്തോടെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് കുട്ടനാട്ടിലെ 8 പഞ്ചായത്തുകളിൽ നടത്തിവന്ന 'മാതൃശിശു സംരക്ഷണവും ശുചിത്വ ബോധവത്ക്കരണവും' പദ്ധതിയുടെ സാമപനം ഡിസംബർ 17 ന് ചാസ് കേന്ദ്രഓഫീസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. സെൽമ SRA എന്നിവർ പദ്ധതിയുടെ വിലയിരുത്തൽ നടത്തുകയും പ്രവർത്തകർക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. പദ്ധതി നിർവഹണത്തിൽ 100 വോളണ്ടിയേഴ്സ് പ്രവർത്തിച്ചു.

## 3. CHASS-HDFC-HTPF

**ഗുണഭോക്തൃ സമ്മേളനം**

HTPF/ HDFC Ltd. ന്റെ സാമ്പത്തിക സഹായത്തോടെ ചാസ് കുട്ടനാട്ടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 50 വീടുകളുടെ ഗുണഭോക്താക്കളുടെ സമ്മേളനം ജനുവരി 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പുളിംകുന്ന് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പദ്ധതിയുടെ വിശദാംശങ്ങൾ വിശദീകരിച്ചു. പുളിംകുന്ന്, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് ജോസഫ്സ്, കായൽപുറം, അറുന്നൂറ്റിപ്പാടം, പൊങ്ങ എന്നീ ഇടവകകളിലാണ് HDFC ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്.

**കുട്ടനാട് പുനർനിർമ്മാണ പദ്ധതിയിൽ ചാസ്-എച്ച്.ഡി. എഫ്.സി. സഹകരണത്തിൽ 50 പുതിയ വീടുകൾ**

ചാസ്-എച്ച്.ഡി.എഫ്.സി. സഹകരണത്തോടെ കുട്ടനാട്ടിൽ നിർമ്മിക്കുന്ന 50 വീടുകളുടെ നിർമ്മാണോദ്ഘാടനം 2019 ജനുവരി 30 ന് കണ്ണാടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുംതോട്ടം നിർവഹിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈലാ ബിജു അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ വികാരി ഫാ. മാത്യു ചൂരവടി, പുളിംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസഫ് സേവ്യർ, വാർഡ് മെമ്പർ ജാൻസി ജോയി, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോസഫ് പുതുവീട്ടിക്കളം, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. സമ്മേളനാനന്തരം ആർച്ചുബിഷപ്പ് 3 വീടുകളുടെ കല്ലിടീൽ കർമ്മവും നിർവ്വഹിച്ചു. എച്ച്.ഡി.എഫ്. സി. ലിമിറ്റഡിന്റെ സി.എസ്. ആർ വിഭാഗമായ എച്ച്. റ്റി. പാറേക്

ഫൗണ്ടേഷനാണ് ഗുണഭോക്താക്കളുടെ സഹകരണത്തോടെ വീടു നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

## 4. CHASS-PERK

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ മുട്ടാർ, എടത്വാ, തകഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK- Participatory Effort (Relief, Rehabilitation, Resettlement in Kuttanadu) പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിച്ചു.

### a) ജീവനോപാധി ഗുണഭോക്തൃപരിശീലനം

2019 മാർച്ച് 11 -ാം തീയതി ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ, തകഴി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനോപാധി പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് എടത്വായിൽ വച്ച് പരിശീലനം സംഘടിപ്പിച്ചു. മൂന്ന് വിഭാഗങ്ങളിലായി (ആട്, കോഴി, താറാവ് വളർത്തൽ) ക്രമീകരിച്ച പരിശീലന പരിപാടിയിൽ 346 ഗുണഭോക്താക്കൾ പങ്കെടുത്തു. വെറ്റിനറി ഡോക്ടർ മാത്യു ജേക്കബ് ക്ലാസ് നയിച്ചു.

### b) ആട്-താറാവ് വിതരണം

PERK പദ്ധതിയുടെ ഭാഗമായി മാർച്ച് 15, 25, 26 തീയതികളിൽ എടത്വാ, തായങ്കരി, കൊടുപ്പുന്ന, ചങ്ങങ്കരി, മുട്ടാർ CMI, മുട്ടാർ ന്യൂ, മുട്ടാർ ഓൾഡ്, പുതുക്കരി യൂണിറ്റുകളിൽ 35 ഗുണഭോക്താക്കൾക്ക് 70 ആടുകളെ നല്കി. മാർച്ച് 16 തീയതി തകഴി, എടത്വാ, കുരുമാടി, പടഹാരം, പച്ച, മുട്ടാർ, മരിയാപുരം, പാണ്ടങ്കരി, കോയിൽമുക്ക്, കൊടുപ്പുന്ന, തായങ്കരി, കേളമംഗലം യൂണിറ്റുകളിൽ 99 ഗുണഭോക്താക്കൾക്ക് 2475 താറാവുകളെ വിതരണം ചെയ്തു.

### c) WATSAN പരിശീലനം

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആരോഗ്യം, ശുചിത്വം, ജലം എന്നിവയെ അടിസ്ഥാനമാക്കി വിവിധ യൂണിറ്റുകളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു.

| തീയതി | യൂണിറ്റ് | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| മാർച്ച് 12 | എടത്വാ | അസി. ഹെൽത്ത് ഇൻസെപ്ക്ടർ ശ്രീ. ശ്രിജിൻ | 85 |
| മാർച്ച് 14 | പടഹാരം | ഹെൽത്ത് ഇൻസെപ്ക്ടർ ഡോ. ജയ കൃഷ്ണൻ | 82 |
| മാർച്ച് 21 | തകഴി | ഹെൽത്ത് ഇൻസെപ്ക്ടർ ഡോ. സുമൻ ജേക്കബ് | 89 |
| മാർച്ച് 26 | പച്ച | ഹെൽത്ത് ഇൻസെപ്ക്ടർ ഡോ. സുമൻ ജേക്കബ് | 6 |

## d) PERK-പദ്ധതിയിൽ ധനസഹായം

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ സഹകരണത്തോടെ എടത്വാ മേഖലയിൽ (മുട്ടാർ, എടത്വാ, തകഴി പഞ്ചായത്തുകളിൽ) നടപ്പാക്കുന്ന PERK-പദ്ധതിയുടെ ഭാഗമായി ശൗചാലയനിർമ്മാണത്തിനും പെട്ടിക്കട നടത്തുന്നതിനും മാർച്ച് 15 വെള്ളിയാഴ്ച 18 യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 102 ഗുണഭോക്താക്കൾക്ക് 1545000/- രൂപ സഹായധനമായി വിതരണം ചെയതു. ചാസ് ഡയറക്ടർ അദ്ധ്യക്ഷ തവഹിച്ച യോഗത്തിൽ ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി സഹായധനവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

**1. ശൗചാലയനിർമ്മാണം (മാർച്ച് 15)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതിതുക |
|---|---|---|---|---|
| എടത്വാ | 7 | 105000 | 35000 | 140000 |
| ചങ്ങങ്കരി | 5 | 75000 | 25000 | 100000 |
| മുട്ടാർ CMI | 2 | 30000 | 10000 | 40000 |
| കൊടുപ്പുന്ന | 5 | 75000 | 25000 | 100000 |
| പച്ച | 6 | 90000 | 30000 | 125000 |
| മുട്ടാർ ഓൾഡ് | 5 | 75000 | 25000 | 100000 |
| മുട്ടാർ ന്യൂ | 4 | 60000 | 20000 | 80000 |
| മരിയാപുരം | 4 | 60000 | 20000 | 80000 |
| പുതുക്കരി | 4 | 60000 | 20000 | 80000 |
| കിഴക്കേമിത്രക്കരി | 4 | 60000 | 20000 | 80000 |
| തകഴി | 4 | 60000 | 20000 | 80000 |
| പടഹാരം | 3 | 45000 | 15000 | 60000 |
| **ആകെ** | **53** | **795000** | **265000** | **1060000** |

**2. താറാവ് കൃഷി-മാർച്ച് 16 (ഒരു ഗുണഭോക്താവിന് 25 താറാവ്)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| തകഴി | 17 | 68000 | 17000 | 80000 |
| എടത്വാ | 4 | 16000 | 4000 | 20000 |
| കരുമാടി | 10 | 40000 | 10000 | 50000 |
| പടഹാരം | 10 | 40000 | 10000 | 50000 |
| പച്ച | 11 | 44000 | 11000 | 55000 |
| മുട്ടാർ ന്യൂ | 8 | 32000 | 8000 | 40000 |
| മരിയാപുരം | 12 | 48000 | 12000 | 60000 |
| പാണ്ടങ്കരി | 10 | 40000 | 10000 | 50000 |
| കോയിൽമുക്ക് | 8 | 32000 | 8000 | 40000 |
| കൊടുപ്പുന്ന | 2 | 8000 | 2000 | 10000 |
| തായങ്കരി | 10 | 40000 | 10000 | 50000 |
| കേളമംഗലം | 6 | 24000 | 6000 | 30000 |
| **ആകെ** | **108** | **432000** | **108000** | **540000** |

**3. ആട് വളർത്തൽ (മാർച്ച് 15, 25, 26) (ഒരു ഗുണഭോക്താവിന് 2 ആടുകൾ)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതിതുക |
|---|---|---|---|---|
| എടത്വാ | 8 | 80000 | 16000 | 96000/- |
| തായങ്കരി | 3 | 30000 | 6000 | 36000/- |
| കൊടുപ്പുന്ന | 4 | 40000 | 8000 | 48000/- |
| ചങ്ങങ്കരി | 5 | 50000 | 10000 | 60000/- |
| മുട്ടാർ CMI | 2 | 20000 | 4000 | 24000/- |
| മുട്ടാർ ന്യൂ | 4 | 80000 | 16000 | 96000/- |
| മുട്ടാർ ഓൾഡ് | 6 | 60000 | 12000 | 72000/- |
| പുതുക്കരി | 4 | 40000 | 8000 | 48000 |
| കിഴക്കേമിത്രക്കരി | 4 | 40000 | 8000 | 48000 |
| കേളമംഗലം | 3 | 30000 | 6000 | 36000 |
| മിത്രക്കരി | 3 | 30000 | 6000 | 36000 |
| മരിയാപുരം | 2 | 20000 | 4000 | 24000 |
| പാണ്ടങ്കരി | 3 | 30000 | 6000 | 36000 |
| കോയിൽമുക്ക് | 4 | 40000 | 8000 | 48000 |
| തകഴി | 4 | 40000 | 8000 | 48000 |
| കരുമാടി | 3 | 30000 | 6000 | 36000 |
| പടഹാരം | 3 | 30000 | 6000 | 36000 |
| പച്ച | 7 | 70000 | 14000 | 84000 |
| **ആകെ** | **72** | **720000** | **144000** | **864000** |

**4. പെട്ടിക്കട (മാർച്ച് 15)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതിതുക |
|---|---|---|---|---|
| തകഴി | 4 | 60000 | 20000 | 80000/- |
| എടത്വാ | 5 | 75000 | 25000 | 100000/- |
| കരുമാടി | 3 | 45000 | 15000 | 60000/- |
| പച്ച | 6 | 90000 | 30000 | 120000/- |
| മിത്രക്കരി | 2 | 30000 | 10000 | 40000/- |
| മുട്ടാർ ന്യൂ | 2 | 30000 | 10000 | 40000/- |
| മരിയാപുരം | 3 | 45000 | 15000 | 60000/- |
| പാണ്ടങ്കരി | 3 | 45000 | 15000 | 60000/- |
| കോയിൽമുക്ക് | 4 | 60000 | 20000 | 80000/- |
| കൊടുപ്പുന്ന | 2 | 30000 | 10000 | 40000/- |
| ചങ്ങങ്കരി | 3 | 45000 | 15000 | 60000/- |
| മുട്ടാർ ഓൾഡ് | 4 | 60000 | 20000 | 80000/- |
| തായങ്കരി | 3 | 45000 | 15000 | 60000/- |
| കിഴക്കേമിത്രക്കരി | 3 | 45000 | 15000 | 60000/- |
| പുതുക്കരി | 2 | 30000 | 10000 | 40000/- |
| മുട്ടാർ CMI | 1 | 15000 | 5000 | 2000/- |
| **ആകെ** | **50** | **750000** | **250000** | **1000000** |

## 5. LIFE ANCHOR- MUMBAI വരുമാനദായക പദ്ധതി

മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ലൈഫ് ആങ്കർ സംഘടനയുമായി സഹകരിച്ച് കുട്ടനാട്ടിലെ വെള്ളപ്പൊക്ക ബാധിത മേഖലയിൽ കൈനകരി, പള്ളാത്തുരുത്തി, കൊണ്ടാക്കൽ, ചേന്നങ്കരി, കൂലിപ്പുര, തോട്ടുവാത്തല, പൊങ്ങ എന്നീ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത 47 കുടുംബങ്ങൾക്ക് വരുമാനദായക പദ്ധതികൾ ആരംഭിക്കുന്നതിന് അവസരമൊരുക്കി. 20 കുടുംബങ്ങൾക്ക് രണ്ട് ആടിനെ വീതവും അഞ്ച് കുടുംബങ്ങൾക്ക് ചെറുകിടകച്ചവത്തിനും 2 കുടുംങ്ങൾക്ക് പശുവളത്തലിലും സാമ്പത്തിക സാഹായം ലഭ്യമാക്കി. പദ്ധതിയുടെ ഉദ്ഘാടനം 2018 ഡിസംബർ 7ന് പള്ളാത്തുരുത്തി സെന്റ് തോമസ് പാരീഷ് ഹാളിൽ ലൈഫ് ഇൻഡ്യ പ്രതിനിധികളായ ശ്രീ. ജോസ് പീറ്ററും ശ്രീ. ലഡ്‌ലി ഡിസൂസയും നിർവഹിച്ചു. ചാസ് ഡയറക്ടർ ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു.



പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതി വിശദീകരണം നടത്തി.

## 6. MCBS സന്യാസ സമൂഹത്തിന്റെ സഹായത്തോടെ മണലാടിയിൽ വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി

MCBS സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ മണലാടി ഇടവകയിൽ 11 വീടുകളുടെ അറ്റകുറ്റപ്പണി 5 ലക്ഷം രൂപ ചെലവിട്ട് നടത്തി വാസയോഗ്യമാക്കി.

## 7. OCD സന്യാസസമൂഹം പുളിംകുന്നിൽ ഭവന നിർമ്മാണത്തിന് സഹായം നല്കി

അതിരൂപത പുനരധിവാസപദ്ധതിയുമായി സഹകരിച്ച് OCD മലബാർ പ്രോവിൻസ് പുളിംകുന്നിൽ 2.50 ലക്ഷം രൂപ ചെലവഴിച്ച്

5 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട 5 കുടുംബങ്ങൾക്ക് വീട് പൂർണ്ണമായും നിർമ്മിച്ചു നല്കുന്നതിനുള്ള പദ്ധതിയും പുരോഗമിക്കുന്നു. വീട് ഒന്നിന് 7 ലക്ഷം രൂപയാണ് OCD മലബാർ പ്രോവിൻസ് സാമ്പത്തികസഹായമായി നല്കുന്നത്.

### 8. KSSF-CHASS സ്വയംതൊഴിൽ പദ്ധതി

പ്രളയബാധിത പ്രദേശങ്ങളിലെ 16 വിധവകൾക്ക് KSSF ന്റെ സഹകരണത്തോടെ ആധുനികരീതിയിലുള്ള കോഴിവളർത്തൽ പദ്ധതിക്ക് 208000 രൂപയുടെ സഹായം നൽകി.

| യൂണിറ്റ് | ഗുണഭോക്താക്കൾ | പദ്ധതിതുക |
|---|---|---|
| 16 | 16 | 208000 |

### 9. കാരുണ്യ ട്രസ്റ്റ് (കല്യാൺ രൂപത) ഭവനനിർമ്മാണം

| യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി തുക |
|---|---|---|
| ചമ്പക്കുളം | 5 | 500000 |
| കുമരംകരി | 2 | 200000 |
| മുട്ടാർ ഓൾഡ് | 4 | 400000 |
| മങ്കൊമ്പ് | 3 | 300000 |
| മുട്ടാർ ന്യൂ | 3 | 300000 |
| കായൽപുറം | 5 | 500000 |
| കിടങ്ങറ | 4 | 400000 |
| തെന്നടി | 4 | 400000 |
| മിത്രക്കരി | 4 | 400000 |
| കരിയിൽ തോട്ടപ്പള്ളി | 1 | 100000 |
| **ആകെ** | **35** | **3500000** |


## AABY ആം ആദ്മി ബീമാ യോജന

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ചാസ്, LIC യുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി. പ്രീമിയം തുക 125.

**ആനുകൂല്യങ്ങൾ:**

| | |
|---|---|
| സ്വാഭാവിക മരണം | 30,000/- രൂപ |
| അപകട മരണം | 75,000/- രൂപ |
| അപകടം മൂലം തളർന്ന് പോയാൽ | 75,000/- രൂപ |
| അപകടത്തിൽ കണ്ണോ കാലോ, കൈയ്യോ നഷ്ടപ്പെട്ടാൽ | 37,500/- രൂപ |

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446857636**



# തണൽ

## ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 385. വിജയകുമാരൻ നായർ | ഉദയ | പങ്ങട | കോട്ടയം |
| 386. വി. ലീല തൂമ്പുങ്കൽ | വീണ | രാജഗിരി | അമ്പൂരി |
| 387. സിസിലിയാമ്മ ജോസഫ് | സ്നേഹദീപം | കോയിൽമുക്ക് | എടത്വാ |
| 388. കെ.ജെ. തോമസ് | സീയോൻ | പുത്തനങ്ങാടി | ആലപ്പുഴ |
| 389. പ്രസാദ് ഭാസ്ക്കരൻ | യുണൈറ്റഡ് ബ്രദേഴ്സ് | കത്തീഡ്രൽ | ചങ്ങനാശ്ശേരി |
| 390. ഗൗരിക്കുട്ടി രാജപ്പൻ | സ്നേഹധാര | മുട്ടാർ ഓൾഡ് | എടത്വാ |
| 391. വിൻസെന്റ് കുര്യൻ | ബ്രദേഴ്സ് | നാലുകോടി | തൃക്കൊടിത്താനം |
| 392. ഒ.ജി. സതീശൻ | ഉദയ | പങ്ങട | കോട്ടയം |
| 393. റോസമ്മ മാത്യു | കസ്ത്തൂർബ | കൂരോപ്പട | കോട്ടയം |
| 394. മറിയമ്മ മഞ്ഞിപ്പുഴ | കൃപ | പുഴവാത് | ചങ്ങനാശ്ശേരി |
| 395. അന്നമ്മ ആന്റണി | വിശ്വദീപം | തത്തംപള്ളി | ആലപ്പുഴ |
| 396. സുമതി രാഘവൻ | തിരുഹൃദയക്കുന്ന് | ഇരവുചിറ | കുറുമ്പനാടം |
| 397. കുട്ടപ്പൻ പി.കെ. | ഫ്രണ്ട്സ് | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 398. അന്നമ്മ ജോബ് | സൗഭാഗ്യ | കുറുമ്പനാടം | കുറുമ്പനാടം |
| 399. കുഞ്ഞുമോൾ ബാബു | സ്നേഹ | പഴവങ്ങാടി | ആലപ്പുഴ |
| 400. റോസമ്മ മാത്യു | മാറാട്ടുകളം | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 401. കുഞ്ഞമ്മ മാത്യു | സെന്റ് ആന്റണീസ് | കായൽപ്പുറം | കുട്ടനാട് |
| 402. വത്സമ്മ മാത്യു | തേജസ് | മങ്കൊമ്പ് | കുട്ടനാട് |
| 403. ജയ ചാക്കോ | ഐശ്വര്യ | എടത്വാ | എടത്വാ |
| 404. ശാന്തമ്മ കൃഷ്ണൻകുട്ടി | സ്നേഹജ്യോതി | കൊടുപ്പുന്ന | എടത്വാ |
| 405. മാത്യു ജോസഫ് | സെന്റ് തോമസ് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 406. റോസമ്മ ജോസഫ് | കാരുണ്യദീപം | തത്തംപള്ളി | ആലപ്പുഴ |
| 407. സി.കെ. ജോൺ | മാതാ | തത്തംപള്ളി | ആലപ്പുഴ |
| 408. അന്നമ്മ ജോസഫ് | ഐശ്വര്യ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 409. സരോജം ജെ | കാരുണ്യ | പച്ചക്കാട് | അമ്പൂരി |

| | | | |
|---|---|---|---|
| 410. കുഞ്ഞമ്മ ജോസഫ് | മരിയൻ | ളായിക്കാട് | ചങ്ങനാശ്ശേരി |
| 411. സിന്ധു വട്ടോലിക്കൽ | സൂര്യ | കൂരോപ്പട | കോട്ടയം |
| 412. റ്റി. എൻ. മുരളീധരൻ നായർ | ഉദയ | പങ്ങട | കോട്ടയം |
| 413. ലില്ലി ഷാജി തേരകത്തിനാംകുഴി | അപർണ്ണ | വെട്ടിമുകൾ | അതിരമ്പുഴ |

**(2) മ്യൂച്ചൽ ബെനഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 188. സിസിലിയാമ്മ ജോസഫ്, വേണാട് | കോയിൽമുക്ക് | എടത്വാ |
| 189. വിശ്വംഭരൻ വാടപ്പറമ്പിൽ | കിഴക്കേമിത്രക്കരി | എടത്വാ |
| 190. തോമസ് വർഗ്ഗീസ്, നെല്ലുവേലിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 191. ജോയിച്ചൻ പട്ടാറ | മുഹമ്മ | ആലപ്പുഴ |
| 192. ചെറിയാൻ കുര്യാക്കോസ്, ചീരംവേലിൽ | മുട്ടാർ | എടത്വാ |
| 193. ഈപ്പൻ സെബാസ്റ്റ്യൻ തോട്ടുവേലിൽ | പാണ്ടി | എടത്വാ |
| 194. രാജു പി.റ്റി. പാപ്പനാംചിറ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 195. ജോസഫ് ദേവസ്യ വട്ടക്കളം | നാലുകോടി | തൃക്കൊടിത്താനം |
| 196. തങ്കമ്മ ജോസ്, പ്രക്കാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 197. ചാക്കോ അമ്പാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 198. ഔസേഫ് വർഗ്ഗീസ്, പള്ളിച്ചിറ | എടത്വ | എടത്വ |
| 199. ഒ.സി. ജോസഫ് ഒട്ടിയംപറമ്പ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 200. തോമസ് ആന്റണി കറുകപ്പറമ്പ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 201. ഫിലോമിന ജോസഫ്, പ്ലാക്കിയിൽ | തത്തംപള്ളി | ആലപ്പുഴ |
| 202. ദാമോദരൻ നായർ, ഗോപാലയം | അറുമാനൂർ | അതിരമ്പുഴ |
| 203. ഭാസ്ക്കരൻ കൂട്ടുമ്മേൽ | ചീപ്പുങ്കൽ | കുടമാളൂർ |
| 204. ത്രേസ്യമ്മ ദേവസ്യ തൈപ്പറമ്പിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 205. കെ.എ. ജോസഫ് കോട്ടയിൽപറമ്പ് | പായിപ്പാട് | തൃക്കൊടിത്താനം |
